(ബി) രണ്ട് വർഷക്കാലമായി നടക്കുന്ന ഈ വിജിലൻസ് അന്വേഷണം അടിയന്തിരമായി പൂർത്തിയാക്കി കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് വിജിലൻസ് വിഭാഗത്തിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ സൂക്ഷ്മ പരിശോധന നടത്തിവരുന്നു.

(ബി) സൂക്ഷ്മ പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി

83 [1558] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) എത്ര അതിവേഗ കോടതികൾ സംസ്ഥാനത്ത് സ്ഥാപിക്കാനാണ് കേന്ദ്രസർക്കാർ സാമ്പത്തിക സഹായം നൽകിയത്;

(സി) ഇതിനോടകം എത്ര കോടതികൾ സ്ഥാപിച്ചിട്ടുണ്ട്;

(ഡി) ഇത്തരം കോടതികൾ സ്ഥാപിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ;

(ഇ) ഇതിന്റെ നടപടികൾ സമയത്തിന് പൂർത്തിയാക്കിയില്ലെങ്കിൽ കേന്ദ്രത്തിൽനിന്നും ലഭിച്ച തുക മടക്കി നൽകേണ്ടി വരുമോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം സുപ്രീംകോടതി സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 38 ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ 27 എണ്ണം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(ബി) 38 ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനായി 10.87 കോടി രൂപയാണ് 11-ാം ധനകാര്യ കമ്മീഷൻ നീക്കിവച്ചിട്ടുള്ളതെങ്കിലും 4.65 കോടി രൂപ മാത്രമേ ഇതിനായി കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് 2-6-2003 വരെ അനുവദിച്ചിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മൊത്തം മുപ്പത്തിയെട്ട് കോടതികൾ സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിൽ 27 എണ്ണം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ബാക്കി 11 എണ്ണത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) 38 ഫാസ്റ്റ് ട്രാക്ക് കോടതികൾ എന്ന ലക്ഷ്യം കൈവരിച്ചാൽ മാത്രമേ സംസ്ഥാനത്തിനു നീക്കിവച്ച മുഴുവൻ തുകയും അനുവദിയ്ക്കുകയുള്ളുവെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഫാസ്റ്റ് ട്രാക്ക് കോടതികളിലേക്കുള്ള നിയമനങ്ങൾ 31-3-2004-ന് മുമ്പ് പൂർത്തിയാക്കിയിരിക്കണമെന്നും, സ്ഥല സൗകര്യമില്ലായെങ്കിൽ വാടക കെട്ടിടത്തിലോ കെട്ടിടം പുതുതായി നിർമ്മിച്ചോ, കോടതികൾ പ്രവർത്തനം ആരംഭിക്കണമെന്നും സുപ്രീം കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

കൃത്യവിലോപവും ഉദാസീനതയും പ്രകടിപ്പിക്കുന്ന അഭിഭാഷകരെ കണ്ടെത്താൻ സംവിധാനം

84[T1559] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൈക്കോടതിയിലും വിവിധ ജില്ലാ കോടതികളിലുമായി എത്ര ഗവൺമെന്റ് പ്ലീഡർമാർ/പ്രോസിക്യൂട്ടർമാർ പ്രവർത്തിച്ചുവരുന്നു;

(ബി) വിവിധ സ്പെഷ്യൽ കോടതികളിലായി എത്ര അഭിഭാഷകർ പ്രവർത്തിക്കുന്നു;

(സി) ഏതെല്ലാം ജില്ലാ കോടതികളിൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ എത്ര ഒഴിവുകൾ ഇനിയും നികത്താനുണ്ടെന്ന് അറിയിക്കുമോ;

(ഡി) സർക്കാർ അഭിഭാഷകരുടെ ഹൈക്കോടതിയിലെ പ്രവർത്തനം വിലയിരുത്താൻ ഇപ്പോഴുള്ള സംവിധാനം എന്തെന്ന് വിശദീകരിക്കുമോ;

(ഇ) കൃത്യവിലോപവും ഉദാസീനതയും പ്രകടിപ്പിക്കുന്ന അഭിഭാഷകരെ കണ്ടെത്താൻ ഓരോ ജില്ലയിലും ഉന്നതതല സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൈക്കോടതിയിലും വിവിധ ജില്ലാ കോടതികളിലുമായി ആകെ 150 ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ പ്രവർത്തിച്ചുവരുന്നു.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly